

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



# GOVT . H S S NEDUVELI

- School Name

  Govt. H S S, Neduveli, Konchira, Vembayam
- School Code

  43015
- Sub District

  Kaniapuram
- Edu District

  Thiruvananthapuram
- Revenue District

  Thiruvananthapuram
- Established Year

  1976
- Vidhyalaya Vikasana Samithi

  Yes
- Whether Under Department Of General Education

  Yes
- Street

  Konchira
- Grama Panchayath

  Vembayam
- Parliamentary Constituency

  Attingal *
- Assembly Constituency

  Nedumangad
- Taluk

  Nedumangad
- Pincode

  695615
- School Management Type

  Government
- School Type

Mixed

- Pre Primary Is Attached ?

  No

- School Habitation

  Rural

- Exam Centre Code

  43015

- UDISE Code

  32140301503

- School Section

  Hss

- School Level

  8 12

- Higher Secondary School Code

  1010

- Year Of Recognition: Hs

  1976

- Year Of Recognition: Hss

  1991

- Year of Upgradation: HS to HSS

  1991

- Headmaster Name

  Hamela Beevi S A

- School Phone

  04722832016

- School Email

  govthss.neduveli@gmail.com

- Instruction Medium

  Malayalam And English

- BLOG http://pakshikkoottam.blogspot.com

# ആമുഖം

തിരുവനന്തപുരം - വെമ്പായം ദേശീയ പാതയിൽ കന്യാകുളങ്ങരയിൽ നിന്ന് 1 കിലോമീറ്റർ അകലെയാണ് നെടുവേലി ഹയർ സെക്കൻൻ്ററി സ്കൂൾ സ്ഥിതി ചെയ്യുന്നത് . ശ്രീ .കെ.ജി കുഞ്ഞു കൃഷ്ണപിള്ളയുടെ (,മുൻ നെടുമങ്ങാട് എം.എൽ.എ ,സ്കൂൾ സ്ഥാപക കമ്മിറ്റി ചെയർമാൻ ) നേതൃത്വത്തിൽ നടത്തിയ അക്ഷീണ ശ്രമത്തിൻ്റെ ഫലമായാണ് നെടുവേലി എന്ന ഗ്രാമപ്രദേശത്ത് സമുന്നതമായ വിദ്യാഭ്യാസ സ്ഥാപനം ഉയർന്നു വന്നത് .നന്നാട്ടുകാവ് ചാത്തമ്പാട് പ്രദേശത്തെ കുടിപ്പള്ളിക്കൂടമാണ് ഈ പഞ്ചായത്തിൽ തുടങ്ങിയ ആദ്യ വിദ്യാലയം .നിലത്തെഴുത്തിൽ തുടങ്ങിയ ഔദ്യോഗിക വിദ്യാഭ്യാസം ,ഇന്ന് ഒട്ടനവധി പൊതു വിദ്യാഭ്യസ സ്ഥാപനങ്ങളായി സമൃദ്ധമായി വ്യാപിച്ചിരിക്കുന്നു .

## ലക്ഷ്യങ്ങൾ

a ) മൂല്യാധിഷ്ഠിത വിദാഭ്യാസം സാധാരണ ജന വിഭാഗങ്ങളിലേയ്ക്ക് എത്തിക്കുക .

b ) അക്കാദമിക്ക് മികവിന്റെ തുടർച്ചയ്ക്ക് വേണ്ടിയുള്ള പിന്തുണ സംവിധാനം ഒരുക്കുക .

C) വിവിധ ശേഷികളുടെ വികസനം ,വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന്

ഊന്നൽ കൊടുക്കുക

d) ഒരു സമ്പൂർണ്ണ മനുഷ്യനായി സ്വയം വികസിപ്പിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

# ചരിത്രം

മുൻ എം.എൽ.എ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള പ്രസിഡന്റായുംചന്ദ്രശേഖരപിള്ള സെക്രട്ടറിയായും സ്ഥാപകസമിതി രൂപികരിച്ചു.1991 ൽ എച്ച.എസ്.എസ്. ഹ്യമാനിറ്റിസ് ബച്ചോടുകൂടി ആരംഭിച്ചു.1998 ൽ സയൻസ് ബാച്ചും 2000 ത്തിൽ കോമേഴ്സ് ബാച്ചും ആരംഭിച്ചു.

ഹൈസ്കൂൾ വിഭാഗം -മലയാളം & ഇംഗ്ലീഷ് മീഡിയം പതിനൊന്ന് ഡിവിഷനുകൾ.

ഹയർസെക്കന്ററി വിഭാഗം - സയൻസ് (2 ബാച്ച്) ,കൊമേഴ്സ് (2 ബാച്ച്),ഹ്യൂമാനിറ്റീസ് (1 ബാച്ച്)

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

അക്കാദമിക് മാസ്റ്റർ പ്ലാൻ(Academic Master Plan) രൂപകല്പന ചെയ്യുന്നത് വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും സാമൂഹ്യ പുരോഗതിക്കും വേണ്ടിയാണ്. ഈ പദ്ധതി വിദ്യാഭ്യാസ മേഖലയിൽ പരിവർത്തനാത്മക മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു.

ലക്ഷ്യങ്ങൾ (Goals):

1. ഗുണനിലവാര വിദ്യാഭ്യാസം:എല്ലാ വിദ്യാർത്ഥികൾക്കും സമതുലിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കൽ.
2. സമഗ്ര വികസനം:അക്കാദമിക് കഴിവുകൾക്ക് പുറമേ സാമൂഹിക, വൈകാരിക, ശാരീരിക, സാംസ്കാരിക വളർച്ചയ്ക്ക് അനുകൂലമായ പഠനസാഹചര്യം സൃഷ്ടിക്കൽ.
3. സാങ്കേതിക സംയോജനംഡിജിറ്റൽ ലേണിംഗ്, ആധുനിക ടീച്ചിംഗ് രീതികൾ എന്നിവ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തി 21-ാം നൂറ്റാണ്ടിന്റെ കഴിവുകൾ വളർത്തിയെടുക്കൽ.
4. സമാനതയും സമന്വയവും:എല്ലാ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിലുള്ള കുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കൽ.

ദൗത്യങ്ങൾ (Missions):

- പാഠ്യപദ്ധതിയുടെ നവീകരണം: കേരള സിലബസിന്റെ പ്രത്യേകതകൾ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പഠനവിഭവങ്ങൾ അപ്‌ഗ്രേഡ് ചെയ്യൽ.
- ആകർഷണീയമായ പഠനരീതികൾ: പ്രായോഗിക-അനുഭവപ്രധാന പഠനം (experiential learning), പ്രോജക്റ്റ്-ബേസ്ഡ് ലേണിംഗ് എന്നിവയിലൂടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വളർത്തൽ.
- അധ്യാപക ട്രെയിനിംഗ് :അധ്യാപകർക്ക് ക്രമാതീതമായ ട്രെയിനിംഗ് നൽകി അവരുടെ കഴിവുകൾ അപ്‌ഡേറ്റ് ചെയ്യൽ.
- പരിസ്ഥിതി-സാമൂഹ്യ ഉത്തരവാദിത്തം:സുസ്ഥിര വികസനലക്ഷ്യങ്ങൾ , പരിസ്ഥിതി സംരക്ഷണം, ലിംഗസമത്വം തുടങ്ങിയ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കൽ.

ഉപസംഹാരം:

വിദ്യാർത്ഥികളെ ജാഗതീകരിച്ച, കഴിവുറ്റ, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ അന്തിമലക്ഷ്യം. സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് വിദ്യാർത്ഥികളെ വിജ്ഞാനം, കഴിവുകൾ, മൂല്യബോധം എന്നിവയോടെ സമൂഹത്തിന് സംഭാവന ചെയ്യുന്ന പൗരന്മാരായി തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ്.

മുൻ അക്കാദമിക് മാസ്റ്റർ പ്ലാൻ ഡ്രാഫ്റ്റിൽ നിന്നുള്ള മാറ്റങ്ങൾ

അപ്ഡേറ്റഡ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ മാറ്റങ്ങൾ

1 ടെക്നോളജി ഇന്റഗ്രേഷൻ വർദ്ധിപ്പിക്കൽ

- ഹൈബ്രിഡ്, ബ്ലെൻഡഡ് ലേണിംഗ് മോഡലുകൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ ഡിജിറ്റൽ ടൂളുകളുടെ ഉപയോഗം വ്യാപകമാക്കി.

2. പാഠ്യപദ്ധതിയിലെ പുനർനിർമ്മാണം

- STEM, കഴിവുകൾ അധിഷ്ഠിത പഠനം (skill-based learning) എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി.

- പരിസ്ഥിതി, ലിംഗസമത്വം, ഡിജിറ്റൽ ലിറ്ററസി തുടങ്ങിയ സാമൂഹ്യ പ്രസക്തമായ വിഷയങ്ങൾ കൂടുതൽ ഊന്നൽ നൽകി.

3. വിലയിരുത്തൽ സംവിധാനത്തിലെ മെച്ചപ്പെടുത്തലുകൾ

- പരീക്ഷകളിൽ നിന്ന് CCE (Continuous & Comprehensive Evaluation) മോഡലിലേക്ക് പ്രാധാന്യം മാറ്റി.

- പ്രാക്ടിക്കൽ, പ്രോജക്റ്റ്-ബേസ്ഡ് അസസ്മെന്റുകൾക്ക് കൂടുതൽ വെയിറ്റേജ് നൽകി.

5. എല്ലാ വിദ്യാർത്ഥികൾക്കും തുല്യ അവസരങ്ങൾ

- സ്പെഷ്യൽ എഡ്യൂക്കേഷൻ സപ്പോർട്ട് സംവിധാനങ്ങൾ ശക്തിപ്പെടുത്തി.

SWOT Analysis Govt. Higher Secondary School, Neduveli

Strengths (ശക്തികൾ):

- ഗുണനിലവാര വിദ്യാഭ്യാസം:കേരള സിലബസിന് അനുസൃതമായി ശാസ്ത്രീയമായ പഠന സംവിധാനം.
- പരിചയസമ്പന്നരായ അധ്യാപകർ:നല്ല അനുഭവവും ട്രെയിനിംഗും ഉള്ള ടീച്ചിംഗ് സ്റ്റാഫ്.
- സൗകര്യങ്ങൾ:ലബോറട്ടറികൾ, ലൈബ്രറി, സ്പോർട്സ് ഫെസിലിറ്റികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ.
- ഫീസ് രഹിത വിദ്യാഭ്യാസം: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം.
- സാംസ്കാരിക/സാഹിത്യ പ്രവർത്തനങ്ങൾ:കലോത്സവങ്ങൾ, സാഹിത്യ മത്സരങ്ങൾ, ക്ലബ് പ്രവർത്തനങ്ങൾ എന്നിവ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വളർത്തുന്നു.

Weaknesses (ദുർബലതകൾ)

- പഴയ ഇൻഫ്രാസ്ട്രക്ചർ:ചില കെട്ടിടങ്ങൾ/ഉപകരണങ്ങൾ പുതുക്കപ്പെടേണ്ടതുണ്ട്.
- സ്മാർട്ട് ക്ലാസ് റൂമുകളുടെ കുറവ്:ഡിജിറ്റൽ ലേണിംഗിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ പരിമിതം.
- വിദ്യാർത്ഥി-അധ്യാപക അനുപാതം: ചില ക്ലാസുകളിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് മുന്നിൽ ഫലപ്രദമായ ശ്രദ്ധ നൽകാൻ ബുദ്ധിമുട്ട്.

Opportunities (സാധ്യതകൾ)

- NEP 2020 സ്കിൽ-ബേസ്ഡ് എജ്യുക്കേഷൻ, ഡിജിറ്റൽ ലേണിംഗ് തുടങ്ങിയവയ്ക്ക് സർക്കാർ ഫണ്ടിംഗ് ലഭിക്കാം.
- കമ്മ്യൂണിറ്റി സപ്പോർട്ട്: പ്രാദേശിക സ്ഥാപനങ്ങൾ/പ്രമുഖർക്കൊപ്പം സ്പോൺസർഷിപ്പ്/അപ്ഗ്രേഡേഷൻ പ്രോജക്ടുകൾ നടത്താം.
- സർക്കാർ സ്കീമുകൾ: ATL Tinkering Lab തുടങ്ങിയ പദ്ധതികൾക്ക് അപേക്ഷിക്കാം.
- മുൻ വിദ്യാർത്ഥികളുടെ സഹായത്തോടെ മെന്റർഷിപ്പ്/കരിയർ ഗൈഡൻസ് സംവിധാനം ശക്തിപ്പെടുത്താം.

Threats (ഭീഷണികൾ)

- ഉയർന്ന സാങ്കേതിക സൗകര്യങ്ങൾ കാരണം വിദ്യാർത്ഥികൾ പ്രൈവറ്റ് സ്കൂളുകളിലേക്ക് മാറുന്നു.
- പരിചയസമ്പന്നരായ അധ്യാപകർ മാറ്റം/റിട്ടയർമെന്റ് .
- സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ: ചില വിദ്യാർത്ഥികളുടെ കുടുംബപരമായ പ്രശ്നങ്ങൾ അവരുടെ പഠനത്തെ ബാധിക്കുന്നു.

# സ്കൂൾ ക്ലബ്ബുകൾക്കായുള്ള മാസ്റ്റർ പ്ലാൻ

(എൻസിസി നേവൽ യൂണിറ്റ്, സ്റ്റുഡന്റ് പോലീസ് കാഡറ്റ്, ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട്സ് & ഗൈഡ്സ്)

വിഷൻ (ലക്ഷ്യം)

സാമൂഹ്യ ഉത്തരവാദിത്തബോധവും കഴിവുകളും വളർത്തിയെടുക്കുന്നതിനായി നേതൃത്വം, ദേശഭക്തി, സമൂഹസേവനം, ജീവിതകഴിവുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന സഹ-പാഠ്യപ്രവർത്തനങ്ങൾ.

ലക്ഷ്യങ്ങൾ

എൻസിസി നേവൽ യൂണിറ്റ്

- നാവിക അവബോധം, ദേശഭക്തി എന്നിവ വളർത്തിയെടുക്കൽ
- ഡ്രില്ലുകൾ, ക്യാമ്പുകൾ, നാവിക പരിശീലനങ്ങൾ വഴി പ്രതിരോധ സേവനങ്ങൾക്ക് തയ്യാറാക്കൽ

സ്റ്റുഡന്റ് പോലീസ് കാഡറ്റ് (SPC):

- നിയമം പാലിക്കുന്ന പൗരത്വം, കമ്മ്യൂണിറ്റി പോലീസിംഗ് എന്നിവ പ്രോത്സാഹിപ്പിക്കൽ
- നേതൃത്വം, ട്രാഫിക് അവബോധം, ദുരന്ത നിവാരണ കഴിവുകൾ വികസിപ്പിക്കൽ

ജൂനിയർ റെഡ്ക്രോസ് (JRC):

- ഫസ്റ്റ് എയ്ഡ്, ആരോഗ്യ അവബോധം, മാനുഷിക മൂല്യങ്ങൾ പഠിപ്പിക്കൽ
- സമൂഹസേവനം, ദുരന്ത പ്രതികരണ പ്രോഗ്രാമുകളിൽ ഏർപ്പെടൽ

ഗൈഡ്സ്:
- ടീം വർക്ക്, സർവൈവൽ സ്കില്ലുകൾ, പരിസ്ഥിതി ഉത്തരവാദിത്തം എന്നിവ വളർത്തിയെടുക്കൽ
- സാമൂഹ്യസേവനം, ക്യാമ്പിംഗ്, ധാർമ്മിക മൂല്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ

പദ്ധതി

ക്രൂട്ട്മെന്റ് ,പരിശീലനം

യോഗ്യത: 8 ക്ലാസുകളിലെ വിദ്യാർത്ഥികൾ (ക്ലബ് മാനദണ്ഡങ്ങൾ അനുസരിച്ച്)

ഓറിയന്റേഷൻ: ക്ലബ് ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള ആമുഖ സെഷനുകൾ

-പരിശീലന മൊഡ്യൂളുകൾ:
  - എൻസിസി നേവൽ: നാവിക ഡ്രില്ലുകൾ, നീന്തൽ, കപ്പൽ സന്ദർശനങ്ങൾ, യാത്രാക്യാമ്പുകൾ
  - SPC: വർക്ക്ഷോപ്പുകൾ, ട്രാഫിക് നിയമങ്ങൾ, സൈബർ സുരക്ഷ

# HS വിഭാഗം

## നിലവിലെ  ഭൗതിക സാഹചര്യം

ഹൈസ്കൂൾ വിഭാഗത്തിന് ക്ലാസ്സ് മുറി- 11  കമ്പ്യൂട്ടർ ലാബ് 1 എസ്.പി.സി റൂം 1 വർക്ക് എക്സ്പീരിയൻസ് റൂം 1 ,ഓഫീസ് - 1

സയൻസ് ലാബ്1  എന്നിവ നിലവിലുണ്ട്.

സ്കൂളിന്റെ മുൻ വശത്ത് ഒരു  ഓപ്പൺ സ്റ്റേജ്, ഒരു ആഡിറ്റോറിയം

**മൂത്രപ്പുര**

പെൺകുട്ടികൾക്ക് 3

ആൺകുട്ടികൾക്ക് 2

**പാചകശാല**

ചെറിയ 2 മുറിയുള്ള കെട്ടിടം

| | **നിർമ്മാണ പ്രവർത്തനം:** | തുക | സ്രോതസ്സ് | |
|---|---|---|---|---|
| 1 | ആൺകുട്ടികൾക്ക് രണ്ട് മൂത്രപ്പുരമാത്രമേയുള്ളു.നില വിൽ 4 എണ്ണം കൂടി വേണം. | | | |
| 2 | ഹൈസ്കൂൾ കെട്ടിടത്തിനു സമീപത്തെ ആഡിറ്റോറിയത്തിന്റെ തറയിൽ ടൈല്  മുഴുവനായി പാകണം.കൂടാതെ സ്റ്റേജിനുള്ളിൽ , ഫാൻ, ശബ്ദ സംവിധാനം, കർട്ടനിടുന്നതിനും മറ്റുമായി ക്ലാമ്പുകൾ വച്ചു പിടിപ്പിക്കണം. | | | |
| 3 | ലൈബ്രറി കെട്ടിടം, പ്രവർത്തനക്ഷമമല്ല.പുതിയ കെട്ടിടം വലിയ ഹാളും ഒരു ഓഫീസ് മുറിയും ഉള്ളതാകണം. 25000 - ൽ കുറയാത്ത പുസ്തകങ്ങൾ  സജ്ജീകരിക്കാനുള്ള സൗകര്യം വേണം.പുതിയ കെട്ടിടത്തിലേയ്ക്ക് ലൈബ്രറി മാറ്റണം.പുതിയ കെട്ടിടത്തിൽ | | | |

| | | | | |
|---|---|---|---|---|
| | മൂത്രപ്പുര വേണം. | | | |
| 4 | സിന്തറ്റിക് സ്റ്റേഡിയത്തിനുസമീപത്തെ കാട് വെട്ടിത്തെളിച്ച് കളിസ്ഥലംഭംഗിയാക്കണം. ( അവധിക്കാല ക്യാമ്പി നൊപ്പം, നിരവധി ഇനങ്ങളിലെ ടീമുകൾ  രൂപീകരിച്ചു കഴിഞ്ഞു.തുടർപ്രവർത്തനത്തി നും വിപുലീകരണത്തിനും സ്റ്റേഡിയം  കൂടുതൽ മികച്ചതാകണം. | | | |
| 5 | ഹൈസ്കൂൾ കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിലെ വരാന്തയിൽ കുട്ടികൾ കൂട്ടം കൂടി നിൽക്കുന്നത് അപകടത്തിന് സാധ്യതയുണ്ട്. അതിനാൽ പുറത്തെ കൈവ രിയില് ഗ്രിൽ വച്ച് ഉറപ്പിക്കുക യോ,അല്ലെങ്കിൽ കൈവരിക്കു കുറുകെ പൈപ്പ്പിടിപ്പിക്കു കയോ വേണം. | | | |
| 6 | 15 ക്ലാസ്സ് മുറികൾ വേണം.നിലവിൽ 11 ക്ലാസ്സ് മുറി മാത്രമേയുള്ളൂ. 10 ഡിവിഷനുണ്ട്.<br><br>NCC – 1<br>സ്റ്റോർ -1<br>സ്കൗട്ട് & ഗൈഡ്  - 1<br>കൗൺസിലിങ്ങ് - 1<br>സ്പോർട്സ് - 1<br>ആകെ - 15 മുറികൾ വേണം.<br>AC ക്ലാസ്സ് റൂം വേണം. | | | |
| 7 | ഐ.റ്റി ലാബ്മെച്ചപ്പെടുത്തണം. എല്ലാ ഡിജിറ്റൽ സാധ്യതയും | | | |

| | | | | |
|---|---|---|---|---|
| | കുറഞ്ഞത് 50 കുട്ടികൾക്ക് ഓരോ സമയം പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ സജ്ജീകരിക്കണം.AC -IT ലാബ് ആകണം. | | | |
| 8 | സ്കൂൾ ഗേറ്റ് നിർമ്മാണംസുവർണ്ണ ജൂബിലിയുടെ സ്മാരകമായി മനോഹരമായ കമാനംസെക്യൂരിറ്റി ക്യാബിൻ .ഇൻറർ കോം സൗകര്യം ഉൾപ്പെടെ | | | |
| 9 | സ്കൂൾ ബസ് യാത്ര സൗകര്യം മെച്ചപ്പെടുത്താൻ സ്കൂൾ ബസ് സൗകര്യം ഉണ്ടാവണം | | | |

**അക്കാദമിക പ്ലാനിംങ്**

നിലവിലുള്ളവ -

- വാർഷികാസൂത്രണം (പ്രത്യകം തയ്യാറാക്കിയിട്ടുണ്ട്)
- പ്രതിമാസ കലണ്ടർ (പ്രത്യകം തയ്യാറാക്കിയിട്ടുണ്ട്)
- എസ്.ആർ.ജി
- സബ്ജക്റ്റ് കൗൺസിൽ

1. പതിനൊന്ന് ക്ലാസ്സ് മുറികൾ സ്മാർട്ട്റൂമുകളാണ്.

എൽ.സി.ഡി പ്രൊജക്റ്റർ അനുബന്ധ സൗകര്യങ്ങളൊരുക്കേണ്ടതുണ്ട്.

**അക്കാദമിക് പരികല്പനകൾ**

1.എല്ലാ ബുധനാഴ്ചയും കുട്ടികളെ (ഗ്രൂപ്പ് )വിവിധ കായിക മത്സരങ്ങൾ നടത്തും. കായിക വിഭാഗം അദ്ധ്യാപിക (കൺവീനർ)പ്രവർത്തനങ്ങൾക്ക്

മേൽ നോട്ടം വഹിക്കും.

( ലക്ഷ്യം:-പഠനത്തിൽ മത്സര ബുദ്ധി,കായികക്ഷമത,ആരോഗ്യസുരക്ഷ,അച്ചടക്കം എന്നിവ വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും അത് സഹായകമാകും)

2.ഗൃഹസന്ദർശനം

പഠന-സാമ്പത്തിക പിന്നാക്കാവസ്ഥകളുള്ള കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും സൗഹൃദ,സഹായ പിന്തുണ നൽകുകും ചെയ്യുക.

3.കൂടുതൽ ദിവസം ക്ലാസ്സിലെത്താത്ത കുട്ടികൾ -ഇവരെ ഫോൺ ചെയ്യുകയും, വീട് സന്ദർശിക്കും പ്രശ്നങ്ങൾ കൃത്യമായി തിരിച്ചറിയുകയും വേണം.

4.**കുട്ടിയ്ക്കൊപ്പം - പ്രൊഫൈൽ** ഓരോ കുട്ടിയെക്കുറിച്ചും ക്ലാസ്സ് അദ്ധ്യാപകർ വിവരങ്ങൾ രേഖപ്പെടുത്തണം.

(ഒരു കുട്ടിയ്ക്ക് ഒരു പേജ്) കുട്ടിയുടെ വ്യക്തിഗത,കുടുംബ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിലൂടെ പഠന,അച്ചടക്ക പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും കഴിയും.

5.**നൂറുമേനി എട്ടിലും** - ഭാഷ,ഗണിത ,സയൻസ് മേഖലകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് എട്ടാം ക്ലാസ്സിന്റെ ആദ്യടേമിൽ തന്നെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം.വായന,എഴുത്ത്,ഗണിതക്രിയ എന്നിവയിൽ അടിസ്ഥാന തലം ഉറപ്പിക്കണം.

6.കുട്ടികളുടെ കലാപരമായ മികവുകൾ പ്രദർശിപ്പിക്കുന്നതിന് വർഷാവസാനം വൈകുന്നേരം മുതൽ രാത്രി 8 മണിവരെ കുട്ടികലുടെ മികവുത്സവം.(രക്ഷിതാക്കളുടെ സാന്നിദ്ധ്യവും പങ്കാളിത്തവുമുണ്ടാകുന്നതിനാണ് ഈ സമയക്രമം.) ഇതിലൂടെ രക്ഷിതാവിനെയും സമൂഹത്തെയും നാടിനെയും സ്കൂളുമായി കൂടുതൽ ബന്ധിപ്പിക്കാൻ കഴിയും.

7.**ഫീൽഡ് ട്രിപ്പ്** -എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ കഴിയുന്ന സാമ്പത്തിക നിലവാരത്തിലുള്ള ഫീൽഡ് ട്രിപ്പുകൾ,പുതുമയുള്ളതും പഠന,വിനോദ പ്രാധാന്യമുള്ളതുമാകണം.

## അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം:**മലയാളം** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | **മേഖല** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം** | **റിമാർക്സ്** |
|---|---|---|---|---|---|---|
| 1 | (അക്കാദമികം) എഴുത്ത്,വായന, അവതരണം,നിരീക്ഷണം തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന്. | **ഇന്നത്തെ ചിന്താവിഷയം**<br>എല്ലാ മലയാളം ക്ലാസും എല്ലാ ദിവസവും ഒരു ചിന്താവിഷയത്തോടു കൂടി തുടങ്ങും.ക്ലാസ്സ് നമ്പർ ക്രമത്തിൽ എഴുതി അവതരിപ്പിക്കണം.വായനയ്ക്കും പ്രോത്സാഹനത്തിനും ശേഷം അദ്ധ്യാപകൻ ഇടവേളയിൽ നോട്ട് ബുക്ക് പരിശോധിക്കുകയും വേണ്ട മാറ്റങ്ങൾ /തിരുത്ത് നിർദ്ദേശിക്കുകയും ചെയ്യുക.മുഴവൻ കുട്ടികളും ഒരു പ്രാവശ്യം അവതരിപ്പിച്ചു കഴിഞ്ഞാൽ പതിപ്പ് നിർമ്മിക്കുകയും അത് അസംബ്ലിയിൽ പ്രകാശനം ചെയ്യുകയും വേണം.പ്രവർത്തന ചുമതല ഒരു കുട്ടിയ്ക്ക് നൽകണം.പതിപ്പ് നിർമ്മാണത്തിനായി ഒരു എഡിറ്റോറിയൽ ഗ്രൂപ്പ് ക്ലാസ്സ് തലത്തിൽ രൂപീകരിക്കണം. | ജൂൺ മുതൽ ഫെബ്രുവരി വരെ 8,9 ക്ലാസ്സുകളിലും ജനുവരി വരെ പത്താം ക്ലാസ്സിലും. | മലയാള വിഭാഗം. | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | വായനക്കളരി | എല്ലാ മലയാളം ക്ലാസ്സും എല്ലാ ദിവസവും ഒരു പുസ്തകം പരിചയപ്പെടുത്തി കൊണ്ട് തുടങ്ങും. വായന, ആസ്വാദനം പ്രോത്സാഹിപ്പിച്ച ശേഷം ബോധനം ആരംഭിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ 8, 9 ക്ലാസ്സിൽ.ജനുവരി വരെ പത്താം ക്ലാസ്സിൽ | മലയാള വിഭാഗം | 500 രൂപ (സമ്മാനം) | |
| 3 | എഴുത്ത് രേഖ | സ്റ്റാഫ് റൂമിൻ്റെ അടുത്ത് കാണുന്ന ബ്ലാക്ക് ബോർഡിൽ ദിവസവും ഒരു വാക്കും അതിൻ്റെ അർത്ഥവും കുട്ടികളെ കൊണ്ട് എഴുതിക്കുകയും ഒരാഴ്ചക്ക് ശേഷം അസംബ്ലിയിൽ അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ച് സമ്മാനം നൽകും | ജൂൺ - ജനുവരി | മലയാള വിഭാഗം | | |
| 4. | (സർഗ്ഗാതമകം) കുട്ടികളിലെ സാഹിത്യ വാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്. | **പക്ഷിക്കൂട്ടം മാസിക**<br>കുട്ടികൾ എഴുതുന്ന കഥ,കവിത,ലേഖനം,ആസ്വാദനം എന്നിവ ഉൾപ്പെടുത്തി ലിറ്റിൽ മാസികയായി പ്രിൻ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നു. | ജൂൺ - ജനുവരി | മലയാള വിഭാഗം. | 2000 രൂപ പ്രിൻ്റിംങ് മഷി, പേപ്പർ | |
| 5 | (സർഗ്ഗാത്മകം) കുട്ടികളുടെ കലാപരമായ മികവുകൾ കണ്ടെത്തുന്നതിന്. | **ആഴ്ചവട്ടം**<br>എല്ലാ വെള്ളിയാഴ്ചയും ഉച്ച ഇടവേളയിൽ കുട്ടികളുടെ കലാപരമായ മികവുകൾ അവതരിപ്പിക്കുന്നതിനുള്ള വേദി. കവിയരങ്ങ്,കവിതയരങ്ങ്,കഥയരങ്ങ്,നാടൻ പാട്ട്,മാപ്പിളപ്പാട്ട്, ഗാനമേള,സംവാദം,ചിത്രപ്രദർശനം തുടങ്ങി കലാപരമായ കഴിവുകൾ അവതരിപ്പിക്കുന്നു. | ജൂൺ - ജനുവരി | മലയാള വിഭാഗം | | |
| 6 | അക്കാദമികം) എഴുത്ത്,വായന, അവതരണം,നിരീക്ഷണം തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് | പകർത്തെഴുത്ത്<br>എല്ലാ ക്ലാസ്സിലും ഭാഷാ പരമായ പഠന പ്രശ്നം നേരിടുന്ന കുട്ടികളെ കണ്ടെത്തി ഇരട്ട വര ബുക്കിൽ അക്ഷരം, വാക്ക് ,വാചകം പത്രവാർത്ത ,വലിയ അക്ഷരമുള്ള കഥാപുസ്തക വായന ,എഴുത്ത് ,ആശയബോധനം ഉറപ്പിക്കുന്നു | ജൂൺ - ജനുവരി | മലയാള വിഭാഗം | | |
| 7 | അക്കാദമികം) എഴുത്ത്,വായന, അവതരണം,നിരീക്ഷണം തുടങ്ങിയ മേഖലകളിൽ | പ്രിയ പുസ്തകം<br>സ്കൂൾ ലൈബ്രറിയിൻ നിന്ന് എടുക്കുന്ന പുസ്തകങ്ങൾക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാകുക വായന കഴിഞ്ഞ് കുറിപ്പെഴുതി കാണിക്കുക .ശേഷം അടുത്ത പുസ്തകം വായിക്കുക | ജൂൺ - ജനുവരി | മലയാള വിഭാഗം | 200/- | |

| | | | |
|---|---|---|---|
| | | **sunspot using Reflective telescope**<br><br>**11) Field Trip VSSC Planetartium Observatory**<br><br>**YIP ആശയങ്ങൾ കണ്ടെത്തുവാൻ support നൽകുക**<br>**സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുന്നു.**<br><br>**iv) ശാസ്ത്രമേള - പ്രവർത്തനങ്ങൾ കുട്ടികളുടെ സഹായത്തോടെ ആരംഭിക്കുന്നു** | |
| **4** | **ശാസ്ത്ര താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുക** | **ഊർജ സംരക്ഷണ ദിനാഘോഷം**<br><br>**: ബോധവൽക്കരണ ക്ലാസ്സ്**<br><br>**KSEB Engineer**<br><br>**1) LED bulb workshop** | **November** |
| **5** | **ശാസ്ത്ര താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുക** | **സി വി രാമൻ ദിനാചരണം**<br><br>**1) ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതനാശയങ്ങൾ പ്രമേയമാക്കിയുള്ള സിനിമ പ്രദർശനം** | **February** |
| **6** | **ശാസ്ത്ര താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുക** | **മികവുത്സവം**<br>**ശാസ്ത്ര ക്ലബ്ബിൻ്റെ സമാപനം**<br><br>**വിജയികൾക്കുള്ള അനുമോദനം** | **March** |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **സോഷ്യൽ സയൻസ്** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭൂമിശാസ്ത്രപരമായ അറിവുകൾ നേടുന്നതിന് | ഭൂപട നിർമ്മാണം | 8,9,10 ക്ലാസ്സുകളിലായി ഭൂപടത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് മനസ്സിലാക്കുന്നതിന്. | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 2 | ആനുകാലിക സംഭവങ്ങൾ മനസ്സിലാക്കുന്നതിന് | പ്രശ്നോത്തരി | വിഷയവുമായി ബന്ധപ്പെട്ട അറിവുകൾ ശേഖരിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 3 | മഹാന്മാരുടെ ജീവിത രീതികൾ മാതൃകയാക്കുന്നു | നാടകങ്ങൾ | ചരിത്ര സംഭവങ്ങളെക്കുറിച്ച മനസ്സിലാക്കുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 4 | സമൂഹവുമായി ബന്ധം സ്ഥാപിക്കുന്നു | പഠനയാത്രകൾ | വിഷയത്തെക്കുറിച്ച് ദീർഘമായി മനസ്സിലാക്കുന്നു. | ,, | | |
| 5 | ത്യാഗം,സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മനസ്സിലാക്കുന്നു. | ദിനാചരണങ്ങൾ | ദിനങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. | ,, | | |
| 6 | ക്രിയാത്മക ചിന്താഗതി വളർത്തുന്നു. | സംവാദം | വിഷയത്തെക്കുറിച്ച് അധിക വിവരങ്ങൾ ശേഖരിക്കുന്നു. | ,, | | |

# Academic Master Plan: English

Target Group: CLASS 8 , 9 , 10

Duration: June to March

| Month | Focus Area | Key Activities | Assessment Methods |
|---|---|---|---|
| June | Vocabulary & Reading Foundations | Word-of-the-Day<br>Guided reading of textbook stories | Vocabulary quiz<br>Oral reading<br>Simple comprehension worksheet |
| July | Grammar Basics & Sentence Formation | Grammar games<br>Fill-in-the-blanks (tenses, articles)<br>Sentence-making | Grammar worksheet<br>Sentence correction task |
| August | Listening & Speaking Skills | Audio stories with questions<br>“Talk Time” (1-minute talks)<br>Picture description (pair activity) | Listening test (MCQ/Fill)<br>Speaking checklist (fluency, clarity) |
| September | Writing Sentences & Paragraphs | Picture-based paragraph writing<br>Describe An event<br>My daily routine (guided writing) | Written paragraph (grammar, structure) |
| October | Text-based Literary Appreciation | Story map/chart<br>Poem recitation with rhythm<br>Moral of the story discussions | Oral/written answers on texts<br>Group quiz based on textbook content |
| November | Functional English | Role-play<br>Dialogue writing<br>Giving and following directions | Mini skit or role-play<br>Dialogue-based test |
| December | Writing Letters & Emails | Writing letters<br>Basic email writing format<br>Punctuation practice | Letter/email writing test |

| | | | |
|---|---|---|---|
| January | Creative Tasks & Projects | Create a mini-storybook<br>Poster making (with slogans)<br>Interview & present findings | Presentation rubric<br>Story/Poster evaluation |
| February | Revision Month | Peer teaching in small groups<br>Revision games and quizzes<br>Practice tests | Diagnostic test<br>Oral Q&A rounds |
| March | Final Assessment & Reflection | Portfolio submission | Year-end written exam |
| JUNE TO JANUARY | **LONG TERM ACTIVITY** | | |

**LANGUAGE CLINIC**

1. **Vocabulary Enrichment Station:**
    - **Focus:** Expanding vocabulary related to themes and concepts present in the texts (e.
    - **Activity:** Students work with vocabulary lists extracted from the readings. Activities could include:
        - class dictionary
        - Using the words in new sentences related to their own experiences or interpretations of the texts.
        - Creating visual aids (flashcards, mind maps) to help remember the words.
        - Participating in short quizzes or word games to test their understanding.
2. **Sentence Structure Surgery:**
    - **Focus:** Improving sentence construction, identifying common errors, and practicing different sentence types.
    - **Activity:** Students analyze sentences from the texts, identifying the subject, verb, and object. They could:
        - Identify and correct grammatically incorrect sentences.
        - Combine short, simple sentences into more complex ones.
        - Break down long, complex sentences to

| | |
|---|---|
| | understand their core meaning.<br>• Practice writing sentences using specific structures (e.g., using different types of clauses, varying sentence beginnings).<br>3. **Comprehension Check-Up:**<br>• **Focus:** Enhancing reading comprehension skills and the ability to extract key information from texts.<br>• **Activity:** Students engage in focused reading tasks with excerpts from the provided stories or the dramatic speech<br>• Answering specific comprehension questions (literal and inferential).<br>• Summarizing paragraphs or sections of text in their own words.<br>• Identifying the main ideas and supporting details.<br>• Discussing the text in pairs or small groups to clarify understanding. |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **സോഷ്യൽ സയൻസ്** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭൂമിശാസ്ത്രപരമായ അറിവുകൾ നേടുന്നതിന് | ഭൂപട നിർമ്മാണം | 8,9,10 ക്ലാസ്സുകളിലായി ഭൂപടത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് മനസ്സിലാക്കുന്നതിന്. | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 2 | ആനുകാലിക സംഭവങ്ങൾ മനസ്സിലാക്കുന്നതിന് | പ്രശ്നോത്തരി | വിഷയവുമായി ബന്ധപ്പെട്ട അറിവുകൾ ശേഖരിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 3 | മഹാന്മാരുടെ ജീവിത രീതികൾ മാതൃകയാക്കുന്നു | നാടകങ്ങൾ | ചരിത്ര സംഭവങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ് | | |
| 4 | സമൂഹവുമായി ബന്ധം സ്ഥാപിക്കുന്നു | പഠനയാത്രകൾ | വിഷയത്തെക്കുറിച്ച് ദീർഘമായി മനസ്സിലാക്കുന്നു. | ” | | |
| 5 | ത്യാഗം,സഹിഷ്ണത തുടങ്ങിയ മൂല്യങ്ങൾ മനസ്സിലാക്കുന്നു. | ദിനാചരണങ്ങൾ | ദിനങ്ങളുടെ പ്രത്യകതകൾ മനസ്സിലാക്കുന്നു. | ” | | |
| 6 | ക്രിയാത്മക ചിന്താഗതി വളർത്തുന്നു. | സംവാദം | വിഷയത്തെക്കുറിച്ച് അധിക വിവരങ്ങൾ ശേഖരിക്കുന്നു. | ” | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയം: ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

1 ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും, ആകർഷകവും ആക്കി മാറ്റി പ്രവർത്തനങ്ങൾ ഫലപ്രദമായികുട്ടികളിൽ എത്തിക്കുക

2 എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കുവാനു കഴിവ് വളർത്തിയെടുക്കുക.

3 ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ -എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പു വരുത്തുക

4 ഹിന്ദി പഠനത്തിലൂടെ എല്ലാ കുട്ടികൾക്കും ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുകയും ഭിന്നശേഷി കുട്ടികൾക്കും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ വളർത്തിയെടുക്കുക.

CLASS 8

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|---|
| 1 | അക്ഷരങ്ങൾ എഴുതാനും വായിക്കാനും തിരിച്ചറിയാനും ഉച്ചാരണം പഠിപ്പിച്ച് പുതിയ പുതിയ പദങ്ങൾ പരിചയപെടുത്തുന്നു . | * അക്ഷരമാല കാർഡ് പരിചയപെടുത്തുന്നു . * ഓഡിഭയാ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂട്ടതലായി പരിചയപെടുത്തുന്നു * ഡിക്ടേഷൻ നടത്തി തെറ്റുകൾ തിരുത്തുന്നതിനുള്ള | ഹിന്ദി ക്ലബ്ബ് (ജൂൺ - ജൂലൈ ) |

| | | | |
|---|---|---|---|
| | | അവസരം നൽകുന്നു<br>* ക്ലാസിൽ ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | |
| 2 | ഹിന്ദിയിൽ എണ്ണാനും ആഴ്ചയുടെ പേരുകൾ, കുട്ടികളുടെ പേരുകൾ എന്നിവ ഹിന്ദിയിൽ എഴുതാൻ പരിശീലനം നൽകുന്നു- | | ആഗസ്റ്റ് |
| 3 | പാഠഭാഗങ്ങളുടെ അവതരണവും വിശകലനവും | പഠനഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ഹിന്ദി ക്ലബ്ബ്<br>(ഒക്ടോബർ - ജനുവരി) |
| 4 | പരിസ്ഥിതി ദിനം (ജൂൺ 5 ) | വൃക്ഷത്തൈ വിതരണം പോസ്റ്റർ നിർമ്മാണം. | SRG ഹിന്ദി ക്ലബ്ബ് |
| 5 | വായന ദിനം (ജൂൺ 19 ) | പോസ്റ്റർ, കത്ത്, ഡയറി എന്നിവ എഴുതാനുള്ള പരിശീലനം നൽകുന്നു . | SRG ഹിന്ദി ക്ലബ്ബ് |
| 6 | ലഹരി വിരുദ്ധ ദിനം (ജൂൺ 26) | പോസ്റ്റർ, പ്രതിജ്ഞ മുദ്രാവാക്യം, പ്രഭാഷണം | SRG ഹിന്ദി ക്ലബ്ബ് |

CLASS 9

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|---|
| 1 | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. | ചിത്രങ്ങളുടെ സഹായ ത്തോടെ പദങ്ങൾ വായിപ്പിക്കുന്നു. | ജൂൺ - ജൂലൈ |
| 2 | വിശേഷണം, നാമം, സർവനാമം എനിവ പരിചയപെടുത്തുന്നു . വാക്യ ഘടന പരിചയപെടുത്തുന്നു | ചാർട്ടുകൾ നൽകി വിശേഷണം, നാമം സർവ്വനാമംഓഗസ്റ്റ് - സെപ്റ്റംബർ കണ്ടെത്താ നുള്ള നിർദ്ദേശം നൽകുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| 3 | പോസ്റ്റർ തയ്യാറാക്കൽ, കവിതയുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കൽ പരിചയപ്പെടുത്തുന്നു | വിവിധ വിഷയങ്ങൾ നൽകി പോസ്റ്റർ നിർമ്മാണം | (ഡിസംബർ) |
| 4 | പ്രേം ചന്ദ് ദിനം (ജൂലൈ 31) | ചിത്രരചന മത്സരം,ക്വിസ്, വായന മത്സരം | ഹിന്ദി ക്ലബ്ബ് |
| 5 | സ്വാതന്ത്ര്യ ദിനം (ഓഗസ്റ്റ് 15 ) | ദേശഭക്തി ഗാനം പ്രസംഗ മത്സരം ക്വിസ് മത്സരം | ഹിന്ദി ക്ലബ്ബ് |
| 6 | ഹിന്ദി ദിനം (സെപ്റ്റംബർ 14) | കവിത രചന ,ചിത്രരചന ,കവിത | ഹിന്ദി ക്ലബ്ബ് |

| | | | |
|---|---|---|---|
| | | ാലാപനം | |
| 7 | 7. ഗാന്ധി ജയന്തി (ഒക്ടോബർ 2) | ചിത്രരചന, പുസ്തക പ്രദർശനം ,ഗാന്ധി കവിതാലാപനം | ഹിന്ദി ക്ലബ്ബ് |

CLASS 10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുന്നതിനായി ഭാഷവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | നാടകാവതരണം സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കൽ | |
| 2 | വ്യാകരണ പരിചയം ,ഡയറി, പോസ്റ്റർ ,കത്ത് പരിശീലനം | വ്യാകരണ ചാർട്ട് പ്രദർശനം കവിത ,കഥ, പോസ്റ്റർ നിർമ്മാണം സംഘടിപ്പിക്കുന്നു | |
| 3 | വ്യാകരണ പരിചയം ,ഡയറി, പോസ്റ്റർ ,കത്ത് പരിശീലനംസാഹിത്യാഭിരുചി മെച്ചപ്പെടുത്തുന്നതിനായി ഹിന്ദി കലോത്സവം | കഥാപാത്രങ്ങളെ ആസ്പദമായി ചരിത്രകുറിപ്പ്, തിരക്കഥ നിർമ്മാണം | |
| 4 | കേരളപ്പിറവി (നവംബർ 1 ) | കവിത രചന , ചിത്രരചന ,വീഡിയൊ | |

| | | | |
|---|---|---|---|
| | | പ്രദർശനം | |
| 5 | ശിശു ദിനം<br>നവംബർ 14 | നെഹ്റു തൊപ്പി നിർമ്മാണം, പോസ്റ്റർ, ചിത്ര രചന | |
| 6 | ക്രിസ്തുമസ്<br>ഡിസംബർ 25 | നാടകാവതരണം | |
| 7 | റിപ്പബ്ലിക്ക് ദിനം<br>ജനുവരി 26 | ചിത്രരചന ,പോസ്റ്റർ ,സ്വാതന്ത്ര്യ സംബന്ധമായ വീഡിയൊ പ്രദർശനം | |

# Academic Master Plan – I C T

## Objective

To develop digital literacy, creativity, and safe technology usage among learners through structured, achievable, and engaging ICT activities integrated into the academic calendar.

## Bimonthly ICT Activity Plan

| Month | Focus Area / Theme | Learning Objectives | Planned Activities | Tools / Resources |
|---|---|---|---|---|
| June – July | Introduction to ICT | - Identify computer parts<br>- Operate basic functions<br>- Use creative tools | - Identify hardware , learning new OS<br>- Open/save documents<br>- Create a greeting card<br>- Paint a rainy season scene<br>- Watch KITE video | Tux Paint, LibreOffice Writer, KITE VICTERS |
| August – September | Typing & Word Processing | - Improve typing skills<br>- Create and format text documents | - Type in English & Malayalam<br>- Format text (fonts, colors) | LibreOffice Writer |
| October – November | Internet & Multimedia | - Browse safely<br>- Present ideas using multimedia | - Safe Internet search (with guidance)<br>- Watch and discuss KITE content | Browser (Safe Search), PowerPoint / Impress |

| | | | | |
|---|---|---|---|---|
| December – January | Spreadsheets & Data Skills | - Enter and interpret data<br>- Use simple formulas<br>- Create basic charts | - Enter data ANALYSE | LibreOffice Calc |
| February – March | Project & Integration | - Apply ICT skills in real projects<br>- Reflect on learning | - Prepare a digital album<br>- Present to class<br>- ICT Quiz<br>- Submit reflection worksheet | PowerPoint, Writer, Audio Tools, Quiz Templates |

## Expected Learning Outcomes

By the end of the academic year, students should be able to:

- Operate basic computer functions independently
- Create and format documents and slides
- Handle simple data in spreadsheets
- Use safe browsing practices
- Present ideas using digital tools confidently

## Support & Resources

- Hardware: Computers/Laptops, Headphones, Microphones, Projector
- Software: APPLICATIONS based on 22.04 linux version
- Web: kite.kerala.gov.in

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **ഗണിതം** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾ ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. | ലാബ് സജ്ജീകരണം അവധിക്കാലത്ത് | പി.റ്റി.എ ഗണിത ക്ലബ്ബ് | 3000/- | |
| 2 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | 1)വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2)സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.<br>3)ഗുണനപ്പട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു.<br>4)പ്രശ്ന പരിഹാരം, പ്രോയോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന.<br>5)ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ<br>1 മാസം | ഗണിത ക്ലബ്ബ് | | |
| 3 | ഗണിത ക്ലിനിക്ക് | 1) ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക്.<br>2)വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.<br>3)ഗണിത പഠനം ലളിതമാമെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.<br>4)കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റ് നിർമ്മിക്കുകയും അത് ക്ലാസ്സിൽ അവതരിപ്പിക്കുകയും | 1 വർഷം | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ചെയ്യുന്നു.<br>5)കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുന്നു.<br>6)ഗണിതകേളികൾ ക്ലാസ്സ് തലത്തിൽ .ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം. | | | | |
| 4 | മത്സര പരീക്ഷകളിൽ പ്രാഗൽഭ്യം തെളിയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക . | Assertion-Reason Questions<br>Matching forms<br>Statement Questions<br>traditional Questions<br>തുടങ്ങി വ്യത്യസ്തമായ ചോദ്യങ്ങൾ ഉൾപെപടുത്തി അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുക | | | | |

ACADEMIC MASTER PLAN

WORK EDUCATION

STD 8

| MONTH | FOCUS AREA | OBJECT | ACTIVITY | OUTCOME |
|---|---|---|---|---|
| JUNE | Familiarisation of different types of tools | Precautions and procedure of tools when use | To do small works using that tools . | To enhance their mind set up and faith to do that work. |
| JULY | Specification of that tools | Precautions and procedure of tools when use | To do small works using that tools . | To enhance their mind set up and faith to do that work. |
| AUGUST | Quality of tools | Precautions and procedure of tools when use | To do small works using that tools . | To enhance their mind set up and faith to do that work. |
| SEPTEMBER | Familiarisation of small machines | Precautions and procedure of tools when use | To do small works using that tools . | To enhance their mind set up and faith to do that work. |
| OCTOBER | Familiarisation of materials | Use of material procedure and precautions | Materials and toys | To enhance their mind set up and faith to do that work. |
| NOVEMBER | Familiarisation of materials | Use of material procedure and precautions | Materials and toys | To enhance their mind set up and faith to do that work. |
| DECEMBER | Familiarisation of materials | Use of material procedure and precautions | Materials and toys | To enhance their mind set up and faith to do that work. |
| JANUARY | Small toys making | Study of materials ,production cost etc | Good quality toys | To enhance their mind set up and faith to do that work. |
| FEBRUARY | Small toys making | Study of materials ,production cost etc | Good quality toys | To enhance their mind set up and faith to do that work. |

LONG TERM PROCESS

| MONTH | FOCUS AREA | OBJECT | ACTIVITY | OUTCOME |
|---|---|---|---|---|
| JUNE TO FEB | Maintenance and servicing of tools and small equipments | Obey safety precautions and procedure | They identify faults and rectify it. | To develop heir mind set up |

STD 9 , 10

| MONTH | FOCUS AREA | OBJECT | ACTIVITY | OUTCOME |
|---|---|---|---|---|
| JUNE | Study of electrical wiring | Safety precautions and procedure of electrical wiring | Small circuit making | Develop mind set up |
| JULY | Study of electronic component | Safety precautions and procedure of electrical wiring | Small circuit making | Develop mind set up |
| AUGUST | Sheet metal work | Safety precautions and procedure of electrical wiring | Small circuit making | Develop mind set up |
| SEPTEMBER | Study of all specification of that materilas | Buy proper device from stores | Making large circuits | Develop mind set up |
| OCTOBER | Study of all specification of that materilas | Buy proper device from stores | Making large circuits | Develop mind set up |
| NOVEMBER | Study of all specification of that materilas | Buy proper device from stores | Making large circuits | Develop mind set up |
| DECEMBER | Study of all specification of that materilas | Buy proper device from stores | Making large circuits | Develop mind set up |

Long term process

| MONTH | FOCUS AREA | OBJECT | ACTIVITY | OUTCOME |
|---|---|---|---|---|
| June to february | Production of small items related to home and school | Obey the safety process and procedure | Making valuable products and maintenance repair | To develop mind set up |

9th  10th JUNE :
Electrical components – circuits-operation -Testing -Remarks

9th 10th July :
Electronics components – circuits- operation- testing – remarks

9th 10th  August  to february :
1. Fixing of pipe
2. Fixing of tap
3. Electrical  wiring
4.Electronic circuit making
5.Soldering practice
6. Maintenance of electronic equipments
7. Formal system control  and arrangements
8. Different practice of Work Education

*************************************************************

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **ജീവശാസ്ത്രം** ക്ലാസ്സ്:8,9,10

**പൊതുവായ ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും ജീവശാസ്ത്രം എന്ന വിഷയത്തോടുള്ള പഠന താല്പര്യം വളർത്തിയെടുക്കുക .
2.എല്ലാ പാഠഭാഗങ്ങളിൽ നിന്നും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക. 3.ജീവശാസ്ത്രം ലളിതവും രസകരവും ആകർഷകവുമായി മാറ്റുന്നതിനുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4.ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി പഠനമികവ് നേടുവാൻ പ്രാപ്തരാക്കുന്നു.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശാസ്ത്രഉപകരണങ്ങളുടെ ,ഉപയോഗം,പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന്. | മൈക്രോസ്കോപ്പിന്റെ പ്രവർത്തനം മനസ്സിലാക്കി നിരീക്ഷിക്കുന്നു. | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 2 | ശാസ്ത്രമേഖലയിലെ വിവിധവിഷയങ്ങൽ കണ്ടെത്തി അവതരിപ്പിക്കുന്നതിന്. | സയൻസ് ജേർണൽ | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 3. | ആധുനിക കൃഷിരീതികളെക്കുറിച്ചും കാർഷിക മേഖലയിലെ പ്രതിസന്ധികളെ ശാസ്ത്രീയമായി തരണം ചെയ്യുന്നതിനാവശ്യമായ സാധ്യതകൾ മനസ്സിലാക്കുന്നതിനും. | സെമിനാർ | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 4. | 8,9,10 ക്ലാസ്സുകളിലെ പാഠബാഗവുമായി ബന്ധപ്പെട്ടവയുടെ ഘടന മനസ്സിലാക്കുന്നതിന്. | പെർനനെന്റ് സ്ലൈഡുകൾ | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 5. | പാഠഭാഗത്തെ ആശയധാരണ കൈവരിക്കാൻ | പോസ്റ്റർ നിർമ്മാണം. | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |

| | | | | | | |
|---|---|---|---|---|---|---|
| 6. | ശാസ്ത്രവിഷയങ്ങളിൽ കൂടുതൽ അറിവ് നേടുന്നതിന് | ക്വിസ്സ് | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 7 | ക്ലാസ്സ് റൂം റഫറൻസ് മെറ്റീരിയിൽ ആയി ഉപയോഗിക്കുന്നതിന് | ആൽബം | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |
| 8 | കൂടുതൽ റഫറൻസ് മെറ്റീരിയൽ പ്രയോജനപ്പെടുത്തുന്നു. | അസൈൻമെന്റ് | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

**വിഷയം: ഫിസിക്കൽ എഡ്യൂക്കേഷൻ** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂളിലെ എട്ടാം ക്ലാസിലേക്ക് വരുന്ന മുഴുവൻ കുട്ടികൾക്കും ഏറോബിക് പഠനം  കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി | എയ്റോബിക് പ്രദർശനം | ജൂൺ മുതൽ ആഗസ്റ്റ് വരെ | സ്കൂൾ തല സമിതി | | |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂൾ സ്പോർട്സ് ക്ലബ് രൂപീകരണം | എട്ടു മുതൽ 12 വരെയുള്ള ക്ലാസുകളിൽ നിന്ന് ജൂൺ പത്തിനകം | | | |
| 3 | സ്പോർട്സ് സമിതിയുടെ രൂപീകരണം | കുട്ടികളുടെ ലീഡർഷിപ്പ് ക്വാളിറ്റി പരിശോധന | ജൂൺ 7 | സ്കൂൾ തല സമിതി | | |
| 4 | | അത്‌ലറ്റിക് ഗെയിംസ് ടീം സെലക്ഷൻ ഗെയിംസ് | ആഗസ്റ്റ് 15 - 25 | | | |
| 5 | സ്കൂൾ തല സമിതി മത്സരങ്ങൾക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളിൽ ഒരു കുട്ടി ഏറ്റവും കുറഞ്ഞ ഒരു കളിയിൽ ഏർപ്പെടുക. ഇപ്പോൾ തന്നെ വിദ്യാഭ്യാസ വികസന സമിതി, പൂർവവിദ്യാർഥികൾ തദ്ദേശസ്ഥാപനങ്ങൾ ഇവരുടെ സഹകര ണത്തോടെ പൂർത്തിയാക്കുവാൻ സാധിക്കുക | സെപ്റ്റംബർ മുതൽ നവംബർ വരെ | | | |
| 6 | സ്കൂൾ സ്പോർട്സ് മീറ്റ് | സബ്ജൂനിയർ, ജൂനിയർ, | സെപ്റ്റംബർ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | സീനിയർ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്. | 13 14 15 | | | |
| | അനുമോദനം | സ്കൂൾ തലത്തിലും സ്റ്റേറ്റ് ,നാഷണൽ പങ്കെടുത്ത് സമ്മാനം കരസ്ഥമാക്കിയ കുട്ടികളുടെ സമ്മാനദാനം. | ജനുവരി മാസത്തിൽ | വിദ്യാഭ്യസ വികസന സമിതി | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **സോഷ്യൽ സർവീസ് പ്രോഗ്രാം -കൗൺസിലിംങ് സർവീസ്**

ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സ്ക്രീനിംങ് | എട്ടാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളെയും കൗൺസിലർ എന്ന നിലയിൽ ആദ്യം തന്നെ കുട്ടികളെ വിലയിരുത്തൽ എന്ന ടൂൾ ഉപയോഗിച്ച് സ്ക്രീനിംങ് നടത്താൻ തീരുമാനിച്ചു. | ജൂൺ - ജൂലൈ | | | |
| 2 | വ്യക്തിഗത കൗൺസിലിംങ് | കൗൺസിലിംഗ് ആവശ്യമായ എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ രീതിയിൽ വ്യക്തിഗത കൗൺസിലിംങ് നടത്തിവരുന്നു. | തുടർ പ്രവർത്തനം | | | |
| 3 | ഗ്രൂപ്പ് കൗൺസിലിംഗ് | സമാന പ്രശ്നങ്ങളുള്ള കുട്ടികലെ ഒരുമിച്ച് വിളിച്ച് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഗ്രൂപ്പ് കൗൺസിലിംഗ് നൽകുന്നു. | തുടർ പ്രവർത്തനം | | | |
| 4 | മോട്ടിവേഷൻ ക്ലാസ്സുകൾ | കുട്ടികൾക്ക് പ്രചോദനപ്രദമായ ക്ലാസ്സുകൾ അവസരോചിതമായ സമയങ്ങളിൽ നടത്തുന്നു. | തുടർ പ്രവർത്തനം | സ്കൂൾ തല സമിതി,പി.റ്റി.എ പിന്തുണ | | |
| 5 | ബോധന ക്ലാസ്സുകൾ | കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സ് ആവശ്യാനുസരണം നൽകുന്നു. | തുടർ പ്രവർത്തനം | | | |
| 6 | പഠന പിന്നാക്കക്കാർക്കുള്ള | പഠനത്തിലും മറ്റ് വീട്ടു | | | | |

| | | | | | | |
|---|---|---|---|---|---|---|
| | പിന്തുണ | സാഹചര്യങ്ങളിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിവിധ സംഘടനകളുടെ സഹായത്തോടെ പിന്തുണ നൽകുന്നു. | തുടർ പ്രവർ ത്തനം | | | |
| 7 | തുടർപ്രവർത്തനങ്ങൾ | കൗൺസിലിംഗ് നൽകിയ കുട്ടികൾക്ക് തുടർ പിന്തുണ നൽകുന്നു. | | | | |
| 8 | വിദഗ്ധ പരിചരണം | സൈക്യാട്രിക്,സൈക്കോള ജിക്കൽ പ്രശ്നങ്ങൾ ഉള്ള കുട്ടികളെ ഉചിതമായ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുന്നു. | | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **ഉച്ചഭക്ഷണം** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരണം | മെയ് അവസാന വാരം കമ്മിറ്റി രൂപീകരിച്ചു.മാതൃസമിതി അംഗങ്ങൾ പങ്കെടുത്തു. | അക്കാദമിക വർഷം മുഴുവൻ | രക്ഷകർത്താക്കളുടെ, PTA, MPTA യുടെ പങ്കാളിത്തം . | | |
| 2 | ഉച്ചഭക്ഷണ വിതരണ മേൽനോട്ടം | ഉച്ച ഭക്ഷണ കമ്മിറ്റിയുടെയും അദ്ധ്യാപകരുടെയും നേതൃത്ത്വത്തിൽ | അക്കാദമിക വർഷം മുഴുവന് | | | |
| 3 | സ്കൂളിലെ പച്ചക്കറി തോട്ടം | ഉച്ച ഭക്ഷണത്തിനാവശ്യമായ കൃഷി ചെയ്യുന്നു. | | | | |
| 4 | ഭക്ഷണ അവശിഷ്ടങ്ങളുടെ നിർമാർജനം | ഭക്ഷണം വിളമ്പുന്നതിലും ഭക്ഷണം കഴിക്കുന്നിടത്തും അദ്ധ്യാപകരുടെ മേൽ നോട്ടം. അവശിഷ്ടങ്ങൾ പ്രത്യേകം തയ്യാറാക്കിയ കുഴിയിൽ നിക്ഷേപിക്കുന്നു. | | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം: **കലാപഠനം** ക്ലാസ്സ്:8,9,10

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടികളുടെ സർഗ്ഗ വാസനകളെ പോഷിപ്പിക്കുന്നു. | കുട്ടികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. സംഗീതം,നൃത്തം,അഭിനയം, കവിതാരചന,കവിത ആലാപനം, ഉപകരണ സംഗീതം എന്നിവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.പരിശീലനങ്ങൾ നൽകുന്നു. | 1 വർഷം | എസ്. ആർ.ജി | | |

## ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026 വർഷത്തിൽ സ്കൂളിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ ഒരു ആസൂത്രിതമായ രൂപരേഖയാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സാമൂഹ്യ ഉത്തരവാദിത്തം, സാങ്കേതിക സംയോജനം, പ്രത്യേക ആവശ്യമുള്ള വിദ്യാർത്ഥികളുടെ സംരക്ഷണം എന്നിവയെല്ലാം ഈ പ്ലാനിൽ പ്രാധാന്യത്തോടെ പരിഗണിച്ചിട്ടുണ്ട്.

2025 - 26 അൻപതാം വാർഷികം ആഘോഷിക്കുന്ന സ്കൂൾ സുവർണ്ണ ജൂബിലി വാർഷിക ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു



തിരു:ജില്ലാ പഞ്ചായത്ത്
ഗവ: ഹയർ സെക്കന്ററി സ്കൂൾ
നെടുവേലി




തിരു: ജില്ലാ പഞ്ചായത്ത്
ഗവ: ഹയർ സെക്കന്ററി സ്കൂൾ നെടുവേലി
നെടുമങ്ങാട് നിയമസഭാ മണ്ഡലം
കെട്ടിട നിർമ്മാണം
6 ലക്ഷം MLA ഫണ്ട്
(KIIFB)
KILA